4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശ പ്രകാരം 384 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുകയും ഇതിൽ 284 കോടി രൂപ തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

5. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും വായ്പ നൽകിയിട്ടില്ല.

(ഡി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 31-5-2008-ൽ 75 കോടി രൂപ മൂന്ന് വർഷത്തേയ്ക്ക് ട്രഷറിയിൽ നിക്ഷേപിക്കുകയും ടി തുക 14-6-2011-ൽ പിൻവലിച്ചിട്ടുള്ളതുമാണ്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.

കർഷകത്തൊഴിലാളിക്ഷേമനിധി ബോർഡ്

258 (2813) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഭൂനികുതി പിരിച്ചടയ്ക്കുന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളത് ഏതു കാലയളവുവരെ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; എത്ര അപേക്ഷകൾ ഇനി ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നു എന്നറിയിക്കാമോ ; ഇവ എന്നേക്ക് പരിഹരിക്കും എന്നറിയിക്കാമോ ;

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും വരുമാന സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ഭൂനികുതി പിരിച്ചടയ്ക്കുന്നത് റവന്യൂ വകുപ്പാണ്. ഭൂവുടമകളിൽനിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി, ഭൂവുടമാ വിഹിത കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ഭൂവുടമാ പിരിവ് സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും 6-9-1993-ൽ പുറപ്പെടുവിച്ച 53734/ഇ 3/93/റവന്യൂ നമ്പർ സർക്കുലർ ഭേദഗതി ചെയ്യുന്ന വിഷയം സജീവ പരിഗണനയിലാണെന്ന് റവന്യൂ വകുപ്പ് തൊഴിൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) 31-12-2009 വരെയുള്ള ആനുകൂല്യങ്ങളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളിലായി 267847 അപേക്ഷകൾ ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നുണ്ട്. ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ബോർഡ് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തത കാരണം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടിരുന്ന ധനസഹായം അനുവദിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഭൂവുടമാ വിഹിതവും അംശദായ വിഹിതവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ചുമട്ടുതൊഴിലാളി കാർഡുകൾ

259 (2814) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ നിശ്ചിത കാലാവധിയ്ക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;